## പർദ നിരോധം നീക്കിയത് രാഷ്ട്രീയ നേട്ടം



**2007-ൽ** ബെൽജിയത്തിൽ ഏർപ്പെടുത്തിയ പർദ നിരോധം നീക്കിയത് മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയ നേട്ടമാണെന്ന് ബെൽജിയം മുസ്‌ലിംകൾ കരുതുന്നു. കഴിഞ്ഞ ആറു വർഷമായി നിലനിന്നിരുന്ന വിലക്ക് നീങ്ങിയതോടെ ജോലി സ്ഥലങ്ങളിൽ ശരീരം മറക്കാൻ മുസ്‌ലിം സ്ത്രീകൾക്ക് അവകാശമുണ്ടാകും. പർദ നിരോധം പിൻവലിച്ചുകൊണ്ടുള്ള പ്രമുഖ ബെൽജിയം നഗരമായ ഗെന്റ് സിറ്റി കൗൺസിൽ തീരുമാനം ബെൽജിയത്തിലെ മത സാംസ്‌കാരിക ന്യൂനപക്ഷത്തെ സംബന്ധിച്ചേടത്തോളം ചരിത്രപരമായ വഴിത്തിരിവാണ്. ഗെന്റ് സിറ്റി കൗൺസിലിലെ 51 അംഗങ്ങളിൽ 29 പേർ ശിരോവസ്ത്ര നിരോധത്തെ എതിർത്ത് വോട്ട് ചെയ്തതോടെയാണ് നിരോധം നീക്കിയത്. ഇനി പൊതു സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാർക്ക് ശിരോവസ്ത്രം ധരിച്ച് ജോലിക്കെത്താനാകും. 10 ദശലക്ഷം വരുന്ന ബെൽജിയം ജനസംഖ്യയിൽ നാലര ലക്ഷം മുസ്‌ലിംകളുണ്ട്.

## അപൂർവ ഖുർആൻ കൈയെഴുത്ത് കോപ്പി ലേലം ചെയ്യുന്നത് തടയണമെന്ന്

**ജൂൺ 9-ന്** ഫ്രാൻസിലെ Fontainebleau ൽ നടക്കുമെന്ന് കരുതുന്ന ലേലത്തിൽ ഖുർആന്റെ അപൂർവ്വ കൈയെഴുത്ത് പ്രതി ലേലം ചെയ്യുന്നത് തടയണമെന്ന് ശൈഖുൽ അസ്ഹർ ആവശ്യപ്പെട്ടു. ഈജിപ്ഷ്യൻ വിദേശ കാര്യ മന്ത്രി മുഹമ്മദ് കാമിൽ അംറ്, Islamic Educational, Scientific and Cultural Organization (ISESCO) അധ്യക്ഷൻ ഡോ. അബ്ദുൽ അസീസ് അൽതുവൈജിരി, യുനെസ്കോ ഡയറക്ടർ ജനറൽ ഇറിന ബൊക്കോവ എന്നിവരോടാണ് പരസ്യ ലേലം തടയണമെന്ന് ശൈഖുൽ അസ്ഹർ ഡോ. അഹ്മദ് അൽത്വയ്യിബ് ആവശ്യപ്പെട്ടത്. ഈജിപ്തിലെ ഫ്രഞ്ച് അധിനിവേശ കാലത്ത് അൽഅസ്ഹറിൽനിന്ന് തട്ടിയെടുത്തതാണ് പ്രസ്തുത കോപ്പിയെന്ന് ഡോ. അഹ്മദ് അൽത്വയ്യിബ് പറഞ്ഞു. അപൂർവ്വങ്ങളിൽ അപൂർവമായ അൽഅസ്ഹർ വഖ്ഫ് ഇനത്തിൽപെട്ടതും ഇസ്‌ലാമിക പൈതൃക സമ്പത്തും കൂടിയായ ഖുർആൻ കൈയെഴുത്ത് പ്രതി വിൽക്കാനോ സമ്മാനമായി നൽകാനോ പാടില്ലെന്നും ശൈഖുൽ അസ്ഹർ വ്യക്തമാക്കി.




മലർവാടി 'മഴവില്ല്' ചിത്രരചനാ മത്സരത്തിലെ വിജയികളും
കളിക്കൂട്ടം പരിപാടിയിലെ വിജയികളും സമ്മാനങ്ങളുമായി സംഘാടകരോടൊപ്പം

## മൊറീത്താനിയയിൽ ശരീഅത്ത് പ്രക്ഷോഭം

**ആഫ്രിക്കൻ** മുസ്‌ലിം രാഷ്ട്രമായ മൊറീത്താനിയയിൽ ശരീഅത്ത് നടപ്പാക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭം. ഇക്കാര്യമുന്നയിച്ച് പള്ളികൾ കേന്ദ്രമായി നടന്ന പ്രക്ഷോഭങ്ങളിൽ വൻ ജനക്കൂട്ടമാണ് പങ്കെടുത്തത്. മനുഷ്യ നിർമിത വ്യവസ്ഥ രാജ്യത്ത് അഴിമതിയും അരാജകത്വവും വർധിപ്പിച്ചതായി പ്രകടനക്കാർ ആരോപിച്ചു. നിലവിലെ വ്യവസ്ഥിതി പൂർണ പരാജയമാണ്. സാമ്പത്തികത്തകർച്ചയും അഴിമതിയുടെ വ്യാപനവും മറ്റു സാംസ്കാരിക ദൂഷ്യങ്ങളും രാജ്യം നേരിടുന്ന വെല്ലുവിളികളാണ്. മൗറിത്താനിയ നേരിടുന്ന സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം ശരീഅത്ത് നിയമം പ്രാബല്യത്തിൽ വരുത്തലാണെന്ന് പ്രക്ഷോഭകർ കരുതുന്നു.

അൾജീരിയ, മാലി, സെനഗൽ തുടങ്ങിയ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന പടിഞ്ഞാറെ ആഫ്രിക്കൻ രാജ്യമാണ് മൗറിത്താനിയ. പേരുകൊണ്ട് ഇസ്‌ലാമിക് റിപ്പബ്ലിക് എന്നാണ് അറിയപ്പെടുന്നത്. പട്ടാള അട്ടിമറിയും അതുമൂലമുള്ള രാഷ്ട്രീയ അനിശ്ചിതത്വവും സാധാരണയാണ്.

## പാശ്ചാത്യ രാജ്യങ്ങൾ മിഡിലീസ്റ്റിൽ വംശീയത ഊതിവീർപ്പിക്കുന്നു

**മധ്യ പൗരസ്ത്യ** രാജ്യങ്ങളിൽ സുന്നി-ശീഈ വംശീയത വളർത്തി മേഖലയിലെ സെക്യുലർ സംവിധാനം തകർക്കുകയാണ് പടിഞ്ഞാറൻ നാടുകളെന്ന് *ഗാർഡിയൻ* ലേഖകൻ. എന്നാൽ വംശീയത വളർത്തുന്നതിലല്ല *ഗാർഡിയ*ന്റെ പ്രതിഷേധം, മറിച്ച് സെക്യുലർ അധികാര കേന്ദ്രങ്ങൾ തകരുന്നത് സാമ്രാജ്യത്വ താൽപര്യങ്ങൾക്ക് എതിരാകുമെന്നതാണ്. പത്രത്തിലെ മുതിർന്ന രാഷ്ട്രീയ നിരീക്ഷകനായ സൈമൻ ജീൻകർസ് എഴുതിയ ലേഖനത്തിൽ സിറിയയിൽ വംശീയത ഊതിവീർപ്പിക്കാനുള്ള പടിഞ്ഞാറിന്റെ ശ്രമം അവരുടെ താൽപര്യങ്ങൾക്ക് ഹാനികരമാവുമെന്ന് നിരീക്ഷിക്കുന്നുണ്ട്.

അഫ്ഗാനിൽ ഏകാധിപതി നജീബിന്റെ പതനത്തോടെ തുടങ്ങി ഇറാഖും ഈജിപ്തും ലിബിയയുമടക്കമുള്ള സെക്യുലർ സർക്കാറുകൾ എന്തൊക്കെ പോരായ്മകളുണ്ടെങ്കിലും മതകീയ ശക്തികളെ തടഞ്ഞുനിർത്തിയിരുന്നതായി ലേഖകൻ പറയുന്നു. പ്രസ്തുത അധികാരകേന്ദ്രങ്ങൾ മേഖലയിലെ പടിഞ്ഞാറൻ താൽപര്യങ്ങൾ സംരക്ഷിച്ചിരുന്നതായും ലേഖകൻ നിരീക്ഷിക്കുന്നുണ്ട്. തുനീഷ്യയിലും ഈജിപ്തിലും നടന്ന വിപ്ലവങ്ങൾ ഇസ്‌ലാമിസ്റ്റുകളെ ഒരു ബദൽ ശക്തിയായി വളർത്തിയതായും ലേഖകൻ പരാതിപ്പെടുന്നു.

### എഴുത്തുകാരുടെ/റിപ്പോർട്ടർമാരുടെ ശ്രദ്ധക്ക്

*പ്രബോധനം* ഇന്റർനാഷ്നലിലേക്കുള്ള ലേഖനങ്ങളും 'ഗൾഫ് വിശേഷ'ത്തിലേക്കുള്ള വാർത്തകളും താഴെ വിലാസത്തിൽ മാത്രം അയക്കുക. അയക്കുന്ന ഫോട്ടോകൾക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ കാപ്ഷൻ നൽകിയിരിക്കണം

**editorprabodhanam@gmail.com**

-എഡിറ്റർ